LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്ത്രീ സുരക്ഷയ്ക്കായി വനിതാ സൗഹൃദ ഓട്ടോറിക്ഷാ പദ്ധതിയും ഷീടാക്സി പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതോടൊപ്പം കർശന വാഹന പരിശോധന നടത്തിയും പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പരാതികൾ അറിയിക്കുവാൻ സോഷ്യൽ മീഡിയായുടെയും നവമാധ്യമങ്ങളുടെയും സേവനവും ഉപയോഗിച്ചു വരുന്നു. കൂടാതെ പ്രീ-പെയ്ഡ് ഓട്ടോ/ടാക്സി സംവിധാനം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് യാത്രാവേളകളിൽ പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്കായി പൊതുസ്ഥലങ്ങളിലും പൊതുയാത്രാ സംവിധാനങ്ങളിലും ടോൾ ഫ്രീ നമ്പരായ 100, 1090, 1099, 1091, 9646200100 (Rail Alert), 9846100100 (Highway Alert) നിർഭയ നമ്പരായ 0471 2722002 എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും വനിതാ ഹെൽപ്പ് ലൈൻ, സ്മാർട്ട്ഫോൺ മുഖേന 24 മണിക്കൂറും പോലീസ് സഹായം ലഭ്യമാക്കുന്നതിലേക്ക് ടെക്നോപാർക്കിലെ യു.എസ്. ടെക്നോളജി എന്ന കമ്പനിയുടെ സാങ്കേതിക സഹായത്തോടെ തിരുവനന്തപുരം സിറ്റി കൺട്രോൾ റൂമിൽ iSAFE എന്ന ഒരു സംവിധാനംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തിരക്കേറിയ മറ്റ് പൊതു യാത്രാസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസ്/വനിതാ പോലീസ്/ഷാഡോ പോലീസ് എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്.

പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ

129 (1834) ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):

ശ്രീ. എ. പ്രദീപ് കുമാർ:

ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ലോകായുക്ത ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു ; ഏത് തീയതിയിലായിരുന്നു ;

(സി) ഋഷിരാജ് സിംഗ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇതിനകം എത്രയാളുകളെ ചോദ്യം ചെയ്തുകയുണ്ടായി ; വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ ; ഏതെല്ലാം രേഖകൾ എവിടെ നിന്നെല്ലാം പിടിച്ചെടുക്കുകയുണ്ടായി ; ഇതുസംബന്ധമായി സർക്കാരിനും വിജിലൻസിനും ലഭിച്ച പരാതികളെല്ലാം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ലെ പ്രതികൾ ആരൊക്കെ ; കേസന്വേഷണത്തെ തുടർന്നുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) അന്വേഷണം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലസ് ടുവിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ. ഐ. ഷീലാദേവി പരാതിക്കാരിയായി ബഹുമാനപ്പെട്ട കേരള ലോകായുക്ത മുമ്പാകെ കംപ്ലയിന്റ് നമ്പർ 1118/2014 ആയി പരാതി ഫയൽ ചെയ്തിട്ടുള്ളതും ഈ ഹർജിയിൽ വിദ്യാഭ്യാസ മന്ത്രി ഒന്നാം എതിർ കക്ഷിയായി കക്ഷി ചേർത്തിട്ടുള്ളതുമാണ്. അന്വേഷണ ഏജൻസി സ്വീകരിച്ച വിപുലമായ തെളിവുകൾ പരാതിയിൽ പറയുന്ന ആരോപണങ്ങളെ ഒന്നുംതന്നെ സാധൂകരിക്കുന്നില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ലോകായുക്ത ടി പരാതി 29-4-2015-ന് തള്ളി ഉത്തരവായിട്ടുണ്ട്.

(ബി) പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ അഴിമതി, ദുർഭരണം, സ്വജനപക്ഷപാതം എന്നിവയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ലോകായുക്തയുടെ 22-8-2014-ലെ ഉത്തരവിൻ പ്രകാരം ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്.-നെ ചുമതലപ്പെടുത്തുകയുണ്ടായി.

(സി) അന്വേഷണ ഏജൻസി 20 സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയെ വിസ്തരിച്ചിട്ടില്ല. വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ വി. പി. അബ്ദുൾ റസാഖ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി. എ. സാജിദ്ദീൻ എന്നിവരുടെ മൊഴികൾ എടുത്തിട്ടുണ്ട്.

(ഡി&ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly